LIBRARY ARCHIVES Kerala Legislative Assembly

വില്പന നികുതി സമാഹരണം

20 [1027] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്പന നികുതി സമാഹരണത്തിൽ ഗുരുതരമായ വീഴ്ച വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ വീഴ്ച പരിഹരിക്കുവാനും ലക്ഷ്യമിട്ട തുക പിരിച്ചെടുക്കുവാനും സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ, ബി) വില്പന നികുതി സമാഹരണത്തിൽ ഗുരുതരമായ വീഴ്ച വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നികുതി പിരിവിൽ മുൻ വർഷത്തേക്കാൾ 11% പുരോഗതി ഉണ്ടായിട്ടുണ്ടെങ്കിലും നികുതി നിർണ്ണയ കേസ്സുകൾ വേഗത്തിൽ തീർപ്പാക്കിയും ചെക്ക്പോസ്റ്റുകളുടെയും ഇന്റലിജൻസ് വിഭാഗത്തിന്റേയും പ്രവർത്തനം ഊർജ്ജിതപ്പെടുത്തിയും റവന്യൂ റിക്കവറി നടപടികൾ വഴിയും നികുതി പിരിവ് ത്വരിതപ്പെടുത്തി ലക്ഷ്യം നേടാൻ തീവ്രശ്രമം നടത്തി വരുന്നു.

തനതു നികുതി വരുമാനം

21 [1028] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001-02, 2002-03, 2003-04 വർഷങ്ങളിൽ സംസ്ഥാനത്ത് തനതു നികുതി വരുമാനത്തിൽ എത്ര തുക ലഭിച്ചുവെന്ന് വർഷം തിരിച്ച് വെളിപ്പെടുത്തുമോ:

(ബി) ഈ വർഷങ്ങളിൽ ഓരോ മേഖലയിൽ നിന്നും ലഭിച്ച തുക എത്ര വീതമാണെന്ന് വർഷം തിരിച്ച് വെളിപ്പെടുത്തുമോ;

(സി) തനതു നികുതി കളക്ഷൻ നടത്തുന്നതിൽ തൻവർഷം ഓരോ മേഖലയിലും കൈവരിക്കാൻ കഴിഞ്ഞ ടാർജറ്റ് എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഡി) തനതു നികുതി കളക്ഷൻ ഊർജ്ജിതമാക്കാൻ സർക്കാർ കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 2001-02-ൽ 5923.42 കോടി രൂപയും, 2002-03-ൽ 7302.54 കോടി രൂപയും തനതുനികുതി വരുമാനം ലഭിച്ചു. 2003-04-ലെ അന്തിമ കണക്കുകൾ ഇപ്പോൾ ലഭ്യമല്ല.

(ബി) 2001-02, 2002-03 വർഷങ്ങളിൽ ഓരോ ഇനത്തിലും ലഭിച്ച വരുമാനം ഇപ്രകാരമാണ്:

		2001-02 (രൂപ കോടിയിൽ)	2002-03 (രൂപ കോടിയിൽ)
1.	കാർഷികാദായ നികുതി	1.86	6.39
2.	ഭൂനികുതി	34.93	38.40
3.	മുദ്രപ്പത്രങ്ങളും രജിസ്ട്രേഷൻ ഫീസും	394.28	486.53
4.	സംസ്ഥാന എക്സൈസ്	541.46	663.07
5.	വില്പന നികുതി	4440.85	5343.15
6.	വാഹന നികുതി	452.18	513.20
7.	വിദ്യുച്ഛക്തിയിൻമേലുള്ള നികുതികളും തീരുവകളും	5.17	192.62
8.	മറ്റു നികുതികൾ	52.69	59.18

(സി) ഓരോ ഇനത്തിലും 2001-02, 2002-03 എന്നീ വർഷങ്ങളിൽ കൈവരിച്ച ടാർജറ്റ് ബജറ്റ് എസ്റ്റിമേറ്റുകളുടെ അടിസ്ഥാനത്തിൽ ഇപ്രകാരമാണ്:

		2001-02	2002-03
1.	കാർഷികാദായ നികുതി	6.88%	60.28%
2.	ഭൂനികുതി	77.62%	77.65%
3.	മുദ്രപത്രങ്ങളും രജിസ്ട്രേഷൻ ഫീസും	84.23%	96.95%
4.	സംസ്ഥാന എക്സൈസ്	72.75%	84.53%
5.	വില്പന നികുതി	79.75%	95.40%
6.	വാഹന നികുതി	92.06%	94.89%
7.	വിദ്യുച്ഛക്തിയിൻമേലുള്ള നികുതികളും തീരുവകളും	258.50%	114.6%

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുവാൻ കാലാകാലങ്ങളിൽ നികുതി പിരിവിന്റെ പുരോഗതി ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ അവലോകനം നടത്തുന്നു. ജില്ലാതലത്തിലും അവലോകന മീറ്റിംഗുകൾ നടത്തുന്നു. നികുതി കുടിശ്ശികയ്ക്ക് സ്റ്റേ നൽകുന്നതിന് നിയന്ത്രണം ഏർപ്പെടുത്തി. കോടതി കേസുകൾ പെട്ടെന്ന് തീർപ്പാക്കുന്നതിനു വേണ്ടി നടപടി എടുത്തു.

സംസ്ഥാനത്ത് 2002-2003-ലെ നികുതിയിതര വരുമാനം

22 [1029] ശ്രീ. വി. ബാലറാം:

,, എം. കെ. പോൾസൺ മാസ്റ്റർ:

പ്രൊഫ. എ. ഡി. മുസ്തഫ:

ശ്രീ. പി. ജെ. ജോയി:

,, എഴുകോൺ നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2002-2003-ലെ മൊത്തം നികുതി വരുമാനം എത്രയായിരുന്നു;

(ബി) പുതിയ നികുതികളിലൂടെയല്ലാതെ സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കാനുള്ള തന്ത്രങ്ങൾക്ക് രൂപം കൊടുക്കാനുദ്ദേശമുണ്ടോ;

(സി) നികുതിയിതര വരുമാനങ്ങളിൽ പ്രധാനപ്പെട്ടവ ഏതെല്ലാമാണ്;

(ഡി) ഈ ഇനങ്ങളിൽ നിന്നുള്ള വരുമാനം ഉയർത്തുവാൻ എന്തെല്ലാം നടപടികളെടുക്കുവാനുദ്ദേശിക്കുന്നു?

ഉത്തരം

(എ) 9017.76 കോടി രൂപ.

(ബി) ഉണ്ട്.

(സി) പലിശ വരവിനങ്ങൾ, ലാഭവും ലാഭവിഹിതവും, വനവത്കരണവും വന്യജീവി സംരക്ഷണവും, ലോട്ടറികൾ, സഹകരണം, വിദ്യാഭ്യാസം, കായിക വിനോദം, കല, വൈദ്യസഹായവും പൊതുജനാരോഗ്യവും എന്നിവയിൽ നിന്നുള്ള വരവുകളാണ് പ്രധാനപ്പെട്ടവ.

LIBRARY ARCHIVES Kerala Legislative Assembly